Std. III - Chapter 8 - Revision - Main points

പാഠം 8 – കല്പനകളുടെ ലംഘനം : പാപം

No.	ചോദ്യം	ഉത്തരം
A	**ചോദ്യങ്ങളും ഉത്തരങ്ങളും**	
1	ഇസ്രായേൽക്കാർ ദൈവത്തോട് എന്താണ് വാഗ്ദാനം ചെയ്തത്?	ദൈവത്തിന്റെ കല്പനകൾ പാലിച്ചുകൊള്ളാമെന്ന് അവർ വാഗ്ദാനം ചെയ്തു.
2	മോശ മലയിൽ പോയി തിരിച്ചുവന്നപ്പോൾ ഇസ്രായേൽക്കാർ എന്താണ് ചെയ്യുന്നത് കണ്ടത്?	അവർ സ്വർണംകൊണ്ട് കാളക്കുട്ടിയെ ഉണ്ടാക്കി അതിനുചുറ്റും നൃത്തം ചെയ്ത് അതിനെ ആരാധിക്കുന്നതാണ് കണ്ടത്.
3	ഇസ്രായേൽക്കാർ സ്വർണംകൊണ്ട് എന്താണ് ഉണ്ടാക്കിയത്?	ഒരു കാളക്കുട്ടിയെ ഉണ്ടാക്കി.
4	ഇസ്രായേൽക്കാർ കാളക്കുട്ടിയെ ഉണ്ടാക്കി എന്തു ചെയ്തു?	അതിനുചുറ്റും നൃത്തം ചെയ്ത് അതിനെ ആരാധിച്ചു.
5	ഇസ്രായേൽക്കാർ ലംഘിച്ച ദൈവത്തിന്റെ കൽപന ഏതാണ്?	ആദ്യത്തെ ദൈവകൽപനയാണ് അവർ ലംഘിച്ചത്.
6	ഇസ്രായേൽക്കാർ വിഗ്രഹാരാധന നടത്തിയതിലൂടെ എന്താണ് ചെയ്തത്?	ദൈവത്തിന്റെ ആദ്യകൽപന ലംഘിച്ചു.
7	ദൈവം മനുഷ്യനെ സൃഷ്ടിച്ചത് എന്തിനാണ്?	സന്തോഷത്തോടെ ജീവിക്കാനാണ്.
8	ദൈവത്തിന്റെ കൽപനകൾ പാലിച്ചുകൊണ്ട് ജീവിക്കുമ്പോൾ നമുക്ക് എന്താണ് ഉണ്ടാകുന്നത്?	നമുക്ക് സന്തോഷമുണ്ടാകുന്നു.
9	ദൈവകൽപനകൾ പാലിക്കുന്നതിലൂടെ നാം ആരെയാണ് സ്നേഹിക്കുന്നത്?	ദൈവത്തെയാണ് നാം സ്നേഹിക്കുന്നത്.
10	ദൈവമക്കളായ നാം എന്താണ് ചെയ്യാൻ കടപ്പെട്ടിരിക്കുന്നത്?	ദൈവത്തിന്റെ കൽപനകൾ പാലിച്ചുകൊണ്ട് ജീവിക്കാനും അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കാനും കടപ്പെട്ടവരാണ്.
11	ദൈവത്തിന്റെ കൽപനകൾ ലംഘിക്കുന്നവൻ എന്താണ് ചെയ്യുന്നത്?	പാപം ചെയ്യുന്നു.
12	**1. പാപം എന്നാൽ എന്ത്?**	ദൈവകൽപനകളുടെ ലംഘനമാണ് പാപം.
13	ദൈവത്തിന്റെ കൽപനകൾ പാലിക്കുന്നതിനെക്കുറിച്ച് യേശു എന്താണ് പഠിപ്പിക്കുന്നത്?	യേശു തന്റെ കൽപനകൾ പാലിച്ചാൽ അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുമെന്ന് പഠിപ്പിക്കുന്നു.
14	യേശു ആരുടെ കൽപനകളാണ് പാലിച്ചത്?	പിതാവായ ദൈവത്തിന്റെ കൽപനകളാണ് യേശു പാലിച്ചത്.
15	യേശു പിതാവിന്റെ കൽപനകൾ പാലിച്ചതിലൂടെ എന്താണ് ചെയ്തത്?	അവിടുത്തെ സ്നേഹത്തിൽ നിലനിന്നു.
16	യേശു നമുക്ക് എന്തിൽ മാതൃകയാണ്?	ദൈവത്തിന്റെ കൽപനകൾ പാലിക്കുന്നതിലും ദൈവസ്നേഹത്തിൽ നിലനിൽക്കുന്നതിലും യേശു നമുക്ക് മാതൃകയാണ്.
17	യേശുവിനെപ്പോലെ നാമും എന്താണ് ചെയ്യേണ്ടത്?	ദൈവത്തിന്റെ കൽപനകൾ അനുസരിച്ച് ജീവിക്കണം.
18	**3. ദൈവത്തെ സ്നേഹിക്കുന്നവരാകാൻ നാം എന്തു ചെയ്യണം?**	യേശുവിനെപ്പോലെ ദൈവത്തിന്റെ കൽപനകൾ അനുസരിച്ച് ജീവിക്കണം.

No.	ചോദ്യം	ഉത്തരം
19	കൽപനകൾ ലംഘിക്കുമ്പോൾ നാം ആരെയാണ് എതിർക്കുന്നത്?	ദൈവത്തെയാണ് നാം എതിർക്കുന്നത്.
20	ദൈവത്തെയും മനുഷ്യരെയും സ്നേഹിക്കാതിരിക്കുന്നത് എന്താണ്?	പാപമാണ്.
21	**4. പത്തു കൽപനകളെ എങ്ങനെ സംഗ്രഹിച്ചിരിക്കുന്നു?**	രണ്ട് കൽപനകളിലായി സംഗ്രഹിച്ചിരിക്കുന്നു. 1. എല്ലാറ്റിനും ഉപരിയായി ദൈവത്തെ സ്നേഹിക്കുക. 2. തന്നെപ്പോലെ തന്റെ അയൽക്കാരനെയും സ്നേഹിക്കുക.
22	സ്വർഗരാജ്യത്തിലേക്കുള്ള നമ്മുടെ ജീവിതയാത്ര തുടരേണ്ടത് ഏതെല്ലാം സ്നേഹങ്ങളിലൂടെയാണ്?	ദൈവസ്നേഹത്തിലൂടെയും പരസ്നേഹത്തിലൂടെയുമാണ്.
23	**2. പ്രലോഭനങ്ങൾ എന്നാൽ എന്താണ്?**	ദൈവകൽപനകൾ ലംഘിച്ച് പാപം ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുന്നവയാണ് പ്രലോഭനങ്ങൾ.
24	ആദത്തെയും ഹവ്വായെയും പ്രലോഭിപ്പിച്ചത് ആരാണ്?	സാത്താനാണ്.
25	സാത്താൻ ആദത്തെയും ഹവ്വായെയും എന്തിനാണ് പ്രലോഭിപ്പിച്ചത്?	ദൈവകൽപന ലംഘിച്ച് പാപം ചെയ്യുന്നതിനാണ്.
26	നമ്മെ പ്രലോഭിപ്പിക്കുന്നവ ഏതെല്ലാമാണ്?	തെറ്റായ ആഗ്രഹങ്ങളും സാഹചര്യങ്ങളും സ്വാധീനങ്ങളുമാണ് നമ്മെ പ്രലോഭിപ്പിക്കുന്നത്.
27	തെറ്റായ ആഗ്രഹങ്ങളും സാഹചര്യങ്ങളും സ്വാധീനങ്ങളും എന്തായി മാറുന്നു?	പ്രലോഭനങ്ങളായി മാറുന്നു.
28	പ്രലോഭനങ്ങൾ നമ്മുടെ ജീവിതത്തെ എങ്ങോട്ടാണ് നയിക്കുന്നത്?	പാപത്തിലേക്കാണ് നയിക്കുന്നത്.
29	പ്രലോഭനങ്ങളെക്കുറിച്ച് നാം എന്താണ് ചെയ്യേണ്ടത്?	അവയെ എതിർക്കുകയും എതിർത്തു തോൽപ്പിക്കുകയും വേണം.
30	യേശുവിനെയും സാത്താൻ പരീക്ഷിച്ചിട്ടുണ്ടോ?	ഉണ്ട്. സാത്താൻ യേശുവിനെയും പരീക്ഷിച്ചു.
31	യേശു പ്രലോഭനങ്ങളോട് എങ്ങനെയാണ് പ്രതികരിച്ചത്?	അവിടുന്ന് പ്രലോഭനങ്ങളെ എതിർത്ത് തോൽപ്പിച്ചു.
32	പ്രലോഭനങ്ങളെ തോൽപ്പിക്കുന്നതിൽ നമുക്ക് മാതൃക ആരാണ്?	യേശുവാണ് നമുക്ക് മാതൃക.
33	പ്രലോഭനങ്ങളെ തോൽപ്പിക്കാനുള്ള വഴി യേശു നമുക്ക് പറഞ്ഞുതന്നിട്ടുണ്ടോ?	ഉണ്ട്. അവിടുന്ന് പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചു.
34	ദൈവത്തെ സ്നേഹിക്കുന്നവരാകാൻ നാം എന്താണ് ചെയ്യേണ്ടത്?	ദൈവത്തിന്റെ കൽപനകൾ അനുസരിച്ച് ജീവിക്കണം.
35	പാപത്തിൽനിന്ന് അകന്നുനിൽക്കാൻ നമുക്ക് എന്തെല്ലാം ചെയ്യാം?	ദൈവകൽപനകൾ പാലിക്കുകയും പ്രലോഭനങ്ങളെ എതിർക്കുകയും ഉണർന്നിരുന്ന് പ്രാർത്ഥിക്കുകയും ചെയ്യാം.
36	ദൈവത്തിന്റെ സ്നേഹത്തിൽ നിലനിൽക്കാൻ എന്താണ് ചെയ്യേണ്ടത്?	അവിടുത്തെ കൽപനകൾ പാലിക്കണം.
37	1 യോഹന്നാൻ 3:4 അനുസരിച്ച് പാപം എന്നാൽ എന്താണ്?	ദൈവകൽപനകളുടെ ലംഘനമാണ് പാപം.

No.	ചോദ്യം	ഉത്തരം
38	യോഹന്നാൻ 15:10ൽ യേശു എന്താണ് പറയുന്നത്?	ഞാൻ എന്റെ പിതാവിന്റെ കൽപനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതുപോലെ നിങ്ങൾ എന്റെ കൽപനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനിൽക്കും.
39	യേശു തന്റെ പിതാവിന്റെ കൽപനകൾ പാലിച്ചതുപോലെ നാമും എന്തു ചെയ്യണമെന്ന് യോഹന്നാൻ 15:10 പഠിപ്പിക്കുന്നു?	യേശുവിന്റെ കൽപനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കണം.
40	ലൂക്കാ 22:46ൽ യേശു എന്താണ് പറയുന്നത്?	നിങ്ങൾ പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കുവിൻ.
41	പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ യേശു നമ്മോട് എന്താണ് ആവശ്യപ്പെടുന്നത്?	ഉണർന്നിരുന്ന് പ്രാർത്ഥിക്കാനാണ് ആവശ്യപ്പെടുന്നത്.
	പ്രധാനപ്പെട്ട മൂന്ന് കാര്യങ്ങൾ ഓർത്തുപഠിക്കുക:	
	1. പാപം – ദൈവകൽപനകളുടെ ലംഘനം.	
	2. പ്രലോഭനം – പാപം ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുന്നത്.	
	3. പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള മാർഗം – ഉണർന്നിരുന്ന് പ്രാർത്ഥിക്കുക.	